പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.5695

28.03.2018-ൽ മറുപടിക്ക്

## പി.എസ്.സി ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | |
|---|---|---|
| | ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ ലളിതമാക്കുന്നതിന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ലളിതവും ഉദ്യോഗാർത്ഥി സൗഹൃദവുമാക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ വിവരങ്ങളെല്ലാം രേഖപ്പെടുത്തി ഫോട്ടോ, ഒപ്പ് എന്നിവ ഉൾപ്പെടുത്തി ഒറ്റഘട്ടമായി പൂർത്തിയാക്കേണ്ട സംവിധാനമായിരുന്നു നേരത്തേ ഉണ്ടായിരുന്നത്. ഇതിൽ ഏതെങ്കിലും ഘട്ടത്തിൽ ബുദ്ധിമുട്ട് വരുമ്പോൾ ആദ്യം മുതൽ വീണ്ടും ആരംഭിക്കേണ്ടിയിരുന്നു. ഈ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി കഴിയുമ്പോൾ User ID ലഭ്യമാകുകയും |

| | | | |
|---|---|---|---|
| | | | മറ്റ് വിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ ഘട്ടം ഘട്ടമായി ഉൾക്കൊള്ളിക്കുവാൻ കഴിയുന്ന വിധത്തിൽ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ